(ബി) ഈ ഉത്തരവനുസരിച്ച് ഇൻകം സർട്ടിഫിക്കറ്റും ജാതി സർട്ടിഫിക്കറ്റും നൽകുന്ന കാര്യത്തിൽ കാലതാമസവും തടസ്സവും ഉണ്ടാകാതിരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉത്തരവിന്റെ കോപ്പി ഇതോടൊപ്പം വയ്ക്കുന്നു.

(ബി) ഇൻകം സർട്ടിഫിക്കറ്റും ജാതി സർട്ടിഫിക്കറ്റും നൽകുന്ന കാര്യത്തിൽ കാലതാമസവും തടസ്സവും ഉണ്ടാകേണ്ടതില്ല. പരാതി ലഭിക്കുന്ന കേസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകുന്നതാണ്.

പിന്നോക്ക വിഭാഗ കോർപ്പറേഷനിൽ നിന്നുള്ള വായപകൾ

3 (2553) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നോക്ക വിഭാഗ കോർപ്പറേഷനിൽ നിന്ന് വിതരണം ചെയ്ത വായ്പ സംഖ്യ ജില്ലതിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) പിന്നോക്ക വിഭാഗ കോർപ്പറേഷനിൽ നിന്ന് ഇപ്പോൾ ഏതെല്ലാം വായ്പകളാണ് നൽകി വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നുണ്ടോ ; തിരിച്ചടവ് സംബന്ധിച്ച പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഏകദേശം 54 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ജില്ലാ ആഫീസുകളിൽ നിന്നും ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു.

(ബി) സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള വായ്പ, ഭവന നിർമ്മാണ വായ്പ, വീടു വയ്ക്കുവാൻ സ്ഥലം വാങ്ങുന്നതിനുള്ള വായ്പ, വിദേശത്തു തൊഴിൽ നേടുന്നതിനുള്ള വായ്പ, നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള വായ്പ, വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ വായ്പ എന്നീ വായ്പകളാണ് ഇപ്പോൾ നൽകി വരുന്നത്.

(സി) കൃത്യമായ തിരിച്ചടവ് നടക്കുന്നില്ല. എന്നിരുന്നാലും വായ്പ തിരിച്ചടവിൽ ഗണ്യമായ പുരോഗതിയുണ്ട്. ഇതുവരെ വിതരണം ചെയ്ത വായ്പകളുടെ 73 ശതമാനത്തോളം തിരിച്ചടവുണ്ടായിട്ടുണ്ട്.

കുമാര ക്ഷത്രിയ സമുദായത്തെ സംബന്ധിച്ച പഠനം

4 (2554) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ 'കുമാര ക്ഷത്രിയ' എന്ന ഒരു സമുദായം അധിവസിക്കുന്നതായി സർക്കാരിന് അറിവുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly